വെജിറേറബിൾ ഫാമിന്റെ പ്രവർത്തന പുരോഗതി

790. [1162] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ വെജിറേറബിൾ ഫാമിന്റെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫാമിനു വേണ്ടി ഇതിനകം ആകെ ചെലവായ സംഖ്യ എത്ര;

(സി) എത്ര ഏക്കർ സ്ഥലത്ത് കൃഷി നടത്തുന്നെന്നും പദ്ധതിക്കായി വിഭാവന ചെയ്തിരുന്ന ഫാം എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഫാമിൽ നിന്നും നാളിതു വരെയായി എത്രയാണ് വരവ്?

ഉത്തരം

(എ) വണ്ടിപ്പെരിയാർ വെജിറേറബിൾ ഫാമിലെ നിലവിലുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും കണക്കിലെടുത്ത് വിവിധ വിളകൾ കാര്യക്ഷമമായി കൃഷി ചെയ്യുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു കമ്മിറ്റി 16-3-1977-ൽ ഈ ഫാം സന്ദർശിച്ചതിനു ശേഷം സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കി ഈ ഫാമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഫാം തുടങ്ങിയ 1967-68 സാമ്പത്തിക വർഷം മുതൽ 1977 ജനുവരി 31-ാം തിയ്യതി വരെ ഈ ഫാമിനു വേണ്ടി 24,45,364.00 രൂപ ചെലവായിട്ടുണ്ട്.

(സി) ഇപ്പോൾ 31.17 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുന്നു. മൊത്തം 200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി വർഗ്ഗങ്ങൾ കൃഷി ചെയ്യുവാനുള്ളതായിരുന്നു പദ്ധതി. പക്ഷേ കൃഷിക്ക് അനുയോജ്യമായ അത്രയും സ്ഥലം ലഭിക്കുകയുണ്ടായില്ല.

(ഡി) 1977-78 വരെയുള്ള വരവ്, 4,24,252 രൂപയാണ്.

കശുമാവു കൃഷിക്ക് സബ്സിഡി

791. [1163] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാര്യ മേഖലയിൽ കശുമാവു കൃഷിക്ക് സബ്സിഡി നൽകാൻ ഈ സാമ്പത്തിക വർഷം എത്ര സംഖ്യ വകകൊള്ളിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര സംഖ്യ ഇതിനകം ചെലവു ചെയ്തു;

(സി) ജില്ലാടിസ്ഥാനത്തിൽ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സബ് സിഡി നൽകുന്നത്; എന്തു തോതു വച്ച്;

(ഇ) ജില്ലാടിസ്ഥാനത്തിൽ സബ്സിഡി നൽകിയവരുടെ എണ്ണമെത്ര?

ഉത്തരം

(എ) 48 ലക്ഷം രൂപ.

(ബി) 7,58,735 രൂപ.

(സി)

തിരുവനന്തപുരം	21,832 രൂപ
കൊല്ലം	19,613 രൂപ
ആലപ്പുഴ	22,946 രൂപ
കോട്ടയം	29,053 രൂപ
ഇടുക്കി	19,377 രൂപ
എറണാകുളം	16,643 രൂപ
തൃശ്ശൂർ	24,748 രൂപ
പാലക്കാട്	1,14,169 രൂപ
മലപ്പുറം	17,760 രൂപ
കോഴിക്കോട്	2,19,005 രൂപ
കണ്ണൂർ	2,53,482 രൂപ

(ഡി) ഒരു ഹെക്ടറിൽ നടുന്ന 200 തൈകളിൽ 75 ശതമാനത്തിനു മേൽ പിടിച്ചു കിട്ടിയാൽ (Survival) മാത്രമേ സബ്സിഡി നൽകുകയുള്ളൂ. സബ്സിഡി നൽകുന്നതിന്റെ തോതിനെപ്പറ്റിയുള്ള വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) വിവരം ശേഖരിച്ചു വരുന്നു.

കാർഷിക വിളകൾ

792. [1164] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കരിമ്പ്, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, നാളികേരം, അടക്ക, മരച്ചീനി, ഏലം, കാപ്പി, തേയില, റബർ എന്നീ പ്രധാന കാർഷിക വിളകളുടെ ഉൽപ്പാദനം 1973-74, 1977-78 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തൊട്ടാകെ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കൊല്ലങ്ങളിലെ അരി ഉൽപ്പാദനം എത്ര?

*അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly